റഫഅ എന്ന വാക്കിന്റെ അര്‍ത്ഥം ഉയര്‍ത്തുക, പൊക്കുക എന്നതാണ്. ജഡിക വസ്തുക്കളെ ഉയര്‍ത്തുന്നതിനും പേരും പെരുമയും ഉയര്‍ത്തുന്നതിനും ഈ പദം ഉപയോഗിക്കുന്നു. അര്‍റാഫിഅ് അല്ലാഹുവിന്റെ അസ്തിത്വമാണെന്നാണ് നാം വിശ്വസിക്കുന്നത്. എല്ലാവിധ ഉന്നതികളും നല്‍കി അനുഗ്രഹിക്കുന്നവന്‍ അവനാണ്. കഴിഞ്ഞ ഖുത്ബകളില്‍ ഈ സിഫത്തിനെക്കുറിച്ച് ഞാന്‍ പ്രതിപാദിച്ചിരുന്നു. അല്ലാഹു ഉന്നതികള്‍ നല്‍കുന്നതോടൊപ്പം അവന്‍ സ്വയം ഉന്നതങ്ങളിലാണ്. അവന്റെ ഉന്നതി മനുഷ്യബുദ്ധിക്ക് ചെന്നെത്താന്‍ സാധ്യമല്ല. അവന്‍ സമീപസ്ഥനാണെങ്കിലും വിദൂരസ്ഥനാണ്. എല്ലാ സ്ഥലത്തും ഉള്ളവനാണെങ്കിലും ഉന്നതത്തില്‍ വിരാജിക്കുന്നവനുമാണ്. റഫീഉദ്ദറജാത്ത് എന്ന ഗുണമാണ് അല്ലാഹു തനിക്ക് വേണ്ടി ഉപയോഗിച്ചിട്ടുള്ളത്. അല്ലാഹു അത്യുന്നതനാണ്. അല്ലാഹുവിനെ ഉന്നതസ്ഥാനത്തെക്കാളും ഉന്നതമായ ഒന്നും ഇല്ല. അതുകാരണം അവന്‍ അര്‍ശിന്റെ നാഥന്‍ കൂടിയാണ്. എന്നാല്‍ അവന്‍ അര്‍ശില്‍ ഇരുന്നുകൊണ്ട് കാര്യനിര്‍വ്വഹണം നടത്തുകയല്ല ചെയ്യുന്നത്. എല്ലാ സ്ഥലത്തും അവനുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതുസംബന്ധമായ വിശദീകരണം നല്‍കികൊണ്ട് പറയുന്നു.

ദൈവീക അര്‍ശ് എന്നത് പിന്നിന്റെ പിന്നിലുള്ള സൃഷ്ടിപ്പാണ്. (ദൃഷ്ടികള്‍ എത്താത്ത സ്ഥലം) അത് ഭൂമിയില്‍ നിന്നും ആകാശത്തു നിന്നും മറ്റു സര്‍വ്വദിക്കുകളില്‍ നിന്നും തുല്ല്യതയിലാണ്. ദൈവിക അര്‍ശ് ആകാശത്തിന് അടുത്തും ഭൂമിയില്‍ നിന്ന് അകലെയുമാണെന്ന വിശ്വാസം ശരിയല്ല. ഇങ്ങനെ വിശ്വസിക്കുന്നവര്‍ ശാപഗ്രസ്ഥരാണ്. അര്‍ശ് എന്നത് എല്ലാ ന്യൂനതകളില്‍ നിന്നും പരിശുദ്ധമായ സ്ഥാനത്തിനാണ് പറയുന്നത്. അതുകൊണ്ടാണ് അല്ലാഹു എല്ലാ സ്ഥലത്ത് ഉണ്ടെന്നും എല്ലാം കാണുന്നവനാണെന്നും പറയുന്നത്. അവന്‍ പറയുന്നു. ***ഹുവ മഅക്കും ഐനമാ കുന്‍ത്തും*** (നിങ്ങള്‍ എവിടെയാണെങ്കിലും അവന്‍ നിങ്ങളുടെ കൂടെയുണ്ട്) ***മായകൂനു മിന്‍ നജ്‌വ സലാസത്തിന്‍ ഇല്ലാ ഹുവ റാബിഉഹും*** (മൂന്ന് പേര് കൂടിയാലോചന നടത്തുമ്പോള്‍ നാലാമനായി അവനുണ്ടാകും.) ***അല്ലാഹു പറയുന്നു. നഹ്നു അഖ്റബു ഇലൈഹി മിന്‍ ഹബ്‌ലില്‍ വരീദ്*** (അവരുടെ ജീവനാടിയെക്കാളും അടുത്തവനാണ് നാം).

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശുദ്ധഖുര്‍ആന്റെ ആയത്തുകളുടെ അടിസ്ഥാനത്തില്‍ വിവരിച്ചതുപോലെ അല്ലാഹു വിദൂരസ്ഥനാണെങ്കിലും എപ്പോഴും അവന്‍ മനുഷ്യരുടെ സമീപസ്ഥനുമാണ്. അര്‍ശില്‍ ഉപവിഷ്ഠനാണെങ്കില്‍ വളരെ അടുത്തുമാണ്. അല്ലാഹു ഇല്ലാത്ത ഒരു സ്ഥലവുമില്ല. മനുഷ്യന്റെ ജീവനാഡിയെക്കാളും അടുത്താണവന്‍. അല്ലാഹുവിന്റെ സമീപസ്ഥരില്‍ അവന്റെ ഗുണങ്ങള്‍ കൂടുതലായി പ്രകടമാകുന്നു. അവര്‍ക്ക് അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സാമീപ്യത്തിന്റെ അടയാളങ്ങള്‍ അവര്‍ക്ക് നല്‍കുന്നു. എല്ലാ ശത്രുക്കളില്‍ നിന്നും അല്ലാഹു അവരെ രക്ഷിക്കുന്നു. അവരുടെ പദവികള്‍ അവന്‍ ഉയര്‍ത്തുന്നു. ഇതെല്ലാമായിരുന്നിട്ടുകൂടി അല്ലാഹു പറയുന്നത് അവന്റെ അര്‍ശ് അത്യുന്നതങ്ങളിലാണ്. ഒരു മനുഷ്യനും അവിടെ എത്തിച്ചേരാന്‍ സാധ്യമല്ല. ഈ വിഷയത്തെ മറ്റൊരു രീതിയില്‍ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു.

അല്ലാഹുല്ലദീ .................. അലല്‍അര്‍ശി. നിങ്ങളുടെ ദൈവം, ആകാശങ്ങളെ തൂണുകളില്ലാതെ ഉയര്‍ത്തിയിരിക്കുന്ന ദൈവമാണ്; നിങ്ങള്‍ കാണുന്നതുപോലെ; പിന്നീട് അവന്‍ അര്‍ശില്‍ ഉപവിഷ്ഠനായി. ഈ ആയത്തിന്റെ പ്രത്യക്ഷഅര്‍ത്ഥം വെച്ചുനോക്കുമ്പോള്‍ ഒരു സംശയം ഉദിക്കുന്നു: ദൈവം നേരത്തെ അര്‍ശില്‍ ഉപവിഷ്ഠനായിരുന്നില്ലെ? ഇതിനുള്ള മറുപടി : അര്‍ശ് എന്നത് ജഢികമായ ഒരു വസ്തുവല്ല. അല്ലാഹു അതിസൂക്ഷ്മാണ് എന്ന അവസ്ഥയാണിത്. ഇത് അല്ലാഹുവിന്റെ ഒരു സിഫത്താകുന്നു. അല്ലാഹു ഭൂമിയും ആകാശവും മറ്റു വസ്തുക്കളഖിലവും സൃഷ്ടിക്കുകയും പ്രതിച്ഛായ രൂപത്തില്‍ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങള്‍ക്കും തന്റെ പ്രകാശത്തില്‍ നിന്ന് പ്രകാശം നല്‍കുകയും മനുഷ്യനെയും ആലങ്കാരഅര്‍ത്ഥത്തില്‍ തന്റെ രൂപത്തില്‍ സൃഷ്ടിക്കുകയും തന്റെ സ്വഭാവഗുണങ്ങള്‍ അവരില്‍ ഊതുകയും ചെയ്തുകൊണ്ട് അല്ലാഹു തനിക്കുള്ള ഒരു സദൃശ്യത്തെ സൃഷ്ടിക്കുകയുണ്ടായി. എന്നാല്‍ അല്ലാഹു എല്ലാതരം സദൃശ്യങ്ങളില്‍ നിന്നും പരിശുദ്ധനായതുകൊണ്ട് അര്‍ശില്‍ ഉപവിഷ്ഠനായി എന്ന് പറഞ്ഞുകൊണ്ട് ഇതില്‍ നിന്നെല്ലാം മുക്തനാണ്, പരിശുദ്ധനാണ് എന്ന് അവര്‍ വിവരിക്കുകയാണ് ചെയ്തത്. (ഉന്നതനും എല്ലാ ന്യൂനതകളില്‍ നിന്നും പരിശുദ്ധനുമാണവന്‍) ചുരുക്കത്തില്‍ അവന്‍ എല്ലാമെല്ലാം സൃഷ്ടിച്ചെങ്കില്‍ സൃഷ്ടികളെപ്പോലെ ആകാതെ അതില്‍ നിന്നെല്ലാം വ്യത്യസ്തവും അതിസൂക്ഷ്മമായ സ്ഥാനത്ത് വിരാജിക്കുന്നവനുമാണ്. (ചശ്മയെ മഗ്‌രിഫത്ത്)

എല്ലാ സിഫത്തുകളും ഉള്‍കൊള്ളുന്ന നമ്മുടെ ദൈവമാണിത്. പദവികള്‍ ഉയര്‍ത്തുന്നവനും അര്‍ശിന്റെ ഉടമസ്ഥനും ജീവനാഡിയെക്കാളും അടുത്തവനായിരുന്നിട്ടും മനുഷ്യദൃഷ്ടി അവനിലേക്ക് എത്തുകയില്ല. അവന്‍ തന്റെ സമീപസ്ഥര്‍ക്ക് തന്റെ പ്രഭാവം പ്രകടമാകുന്നു. അവര്‍ പറയുന്നു. ***ലാകദ്‌രികുഹുല്‍ അബ്സ്വാരി വഹുവ യുദ്‌രിക്കുല്‍ അബ്സാര.*** കണ്ണുകള്‍ അവനിലേക്ക് എത്തില്ല. എന്നാല്‍ അവന്‍ കണ്ണുകളിലേക്ക് എത്തുന്നു. തന്റെ അറിവിന്റെ ഹുങ്ക് കൊണ്ടോ സ്ഥാനമാനങ്ങള്‍ കൊണ്ടോ അവനെ ദര്‍ശിക്കാന്‍ മനുഷ്യന് സാധ്യമല്ല. അല്ലാഹു തന്നെ സ്വയം പ്രകടിപ്പിക്കുന്നതാണ്. അതുകൊണ്ട് പിന്നിന്റെ പിന്നിലുള്ളവനാണല്ലാഹു. അവന്റെ ഭൗതികരൂപം സങ്കല്‍പം തന്നെ ഒരിക്കലും സങ്കല്‍പിക്കാന്‍ സാധ്യമല്ല. അല്ലാഹുവിന്റെ പ്രവാചകനായ ഈസാനബി (അ) നെ ക്രിസ്തീയ സമൂഹം തെറ്റായ രീതിയില്‍ ദൈവത്തിന്റെ സ്ഥാനത്തിരുത്തുകയുണ്ടായി. ദൈവത്തിന്റെ സ്ഥാനം അത്യുന്നതവും എല്ലാവിധ ന്യൂനതകളില്‍ നിന്നും പരിശുദ്ധവുമാണ്. അവന്‍ ആരെയും ആശ്ര

യിക്കാത്തവനാണ്. ഈസാനബി (അ)നെക്കുറിച്ച് വിശുദ്ധഖുർആനിൽ വന്നിരിക്കുന്നത് അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു എന്നാണ്. ഇതിൽ നിന്നും ഇരുവരുടെയും മരണം തെളിയുന്നതോടൊപ്പം ജീവൻ നിലനിറുത്താൻ ഭക്ഷണം ആവശ്യമുള്ള അസ്തിത്വം ദൈവമാകുന്നതെങ്ങിനെ? മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റലെങ്ങനെ? എന്ന ചോദ്യം ഉദിക്കുന്നു. അദ്ദേഹം മനുഷ്യനാണെന്ന് തെളിയിക്കുന്ന എത്രയോ തെളിവുകൾ എടുത്തുദ്ധരിക്കാൻ നയിക്കുന്നതാണ്.

അഹ്മദികളല്ലാത്ത മറ്റു മുസ്ലിംകളിൽ ഒരു വലിയ വിഭാഗം അറിവില്ലാത്ത കാരണത്താൽ വിശുദ്ധഖുർആനെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനമില്ലാതെ പണ്ഡിതരെ പിൻപറ്റികൊണ്ട് വിശുദ്ധഖുർആനിൽ വന്നിരിക്കുന്ന റാഫിഉഅലയ്യാ, സൽറഫഹുല്ലാഹു ഇലൈഹി എന്നി വാക്കുകളുടെ അടിസ്ഥാനത്തിൽ അവർ മനസ്സിലാകുന്നത് ഈസാനബി (അ) ജഡിക ശരീരത്തോടെ ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്നാണ്. ലോകത്തിന്റെ ഇസ്ലാഹിന് വേണ്ടി ഏതോ കാലത്ത് അദ്ദേഹം വരുന്നതാണ് എന്നും അവർ വിശ്വസിക്കുന്നു. പണ്ടൊക്കെ പറഞ്ഞിരുന്നത് 14-ാം നൂറ്റാണ്ടിൽ വരും എന്നാണ്. അത് കഴിഞ്ഞപ്പോൾ ഇപ്പോൾ പറയുന്നത് ഖിയാമത്തിന് അടുത്ത് വരും എന്നാണ്. ഇങ്ങനെയുള്ള പല കഥകളും അവർ പറഞ്ഞുണ്ടാക്കുന്നുണ്ട്. ഏതായിരുന്നാലും ഈ തെറ്റായ ഒരു സിദ്ധാന്തത്തിലൂടെ അവർ ക്രൈസ്തവരുടെ കൈകൾക്ക് ശക്തി പകരുകയാണ് ചെയ്യുന്നത് എന്നവർ അറിയുന്നില്ല. ഈ കാര്യം എടുത്ത് പറഞ്ഞുകൊണ്ട് ക്രിസ്തീയ സമൂഹം ഹസ്റത്ത് ഈസാനബി (അ) ക്ക് തിരുനബി (സ) യെക്കാളും ശ്രേഷ്ഠതയുണ്ടെന്ന് തെളിയിക്കുന്നു. ഇക്കാലത്ത് പല മുസ്ലിം നാടുകളിലുമുള്ള ചില പണ്ഡിതന്മാരിൽ വിശുദ്ധഖുർആന്റെ ഈ ആയത്തുകളുടെ അടിസ്ഥാനത്തിൽ ഈസാനബി മരിച്ചുപോയി എന്ന് സമ്മതിക്കുന്നവരുമുണ്ട്. ഇറാനിലെ പ്രസിഡന്റ് സാഹിബ് കഴിഞ്ഞ ദിവസം ഒരു പ്രസ്താവന നടത്തിയിരുന്നു. ക്രിസ്തീയ സമൂഹത്തെ അഭിസംബോധന ചെയ്തു നടത്തിയ പ്രസ്ഥാവനയിൽ നിന്നും മനസ്സിലാകുന്നത് ഈസാനബി (സ) വഫാത്തായിരിക്കുന്നു എന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു എന്നാണ്. ഈസാനബി (അ) ന്റെ ഒരു ന്യൂനതയും ഈ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹം നൽകിയ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ക്രിസ്ത്യാനികളെ ഉപദേശിക്കുകയാണ് ചെയ്തത്. പ്രസിഡന്റ് സാഹിബ് എത്രമാത്രം നേർമാർഗത്തിലാണ് എന്ന വിഷയം വിട്ടുകൊണ്ട് ഞാൻ പറയാനാഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ വിശ്വാസം ഈസാനബി (അ) മരിച്ചുപോയിരിക്കുന്നത് എന്നാണ്.

ഇതേപോലെ തുർക്കിയിലുള്ള നമ്മുടെ മുബല്ലിഗ് ജലാൽ ശംസ് സാഹിബ് പറയുന്നു: തുർക്കിയിൽ അടുത്ത് പുറത്തിറങ്ങിയ വിശുദ്ധഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ പല തർജ്ജമകളിലും ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഈസാനബി മരിച്ചുപോയിരിക്കുന്നു. എന്നാണ് എഴുതിയിരിക്കുന്നത്. എന്നിരുന്നാലും ഇപ്പോഴും മുസ്ലിം സമൂഹത്തിൽ رَافِعُكَ إِلَيَّ എന്നതിന് ജഢികമായി ആകാശത്തേക്ക് പോയി എന്ന് തന്നെയാണ് വിവരിക്കുന്നത്.

അടുത്തകാലത്ത് പാശ്ചാത്യനാട്ടിൽ നിന്നും ആരോ എനിക്ക് ഇപ്രകാരം എഴുതി. ഒരാളെ ഞാൻ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു. എനിക്ക് ജമാഅത്തിനെക്കുറിച്ചുള്ള മറ്റു വിഷയങ്ങൾ എല്ലാം മനസ്സിലായെങ്കിലും ഉയർത്തി എന്നതിനെക്കുറിച്ച് നിങ്ങൾ നൽകുന്ന തെളിവുകളൊന്നും എനിക്ക് മനസ്സിലായിട്ടില്ല. മുസ്ലിം ആളുകളിലുള്ള അറബി ഭാഷയെക്കുറിച്ച് അറിവുള്ള അറബുനാടുകളിൽ വസിക്കുന്നവർപോലും വിശ്വസിക്കുന്നത് ഈസാനബി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നാണ്. പാക്കിസ്ഥാനിൽ നിന്നും ഒരഹ്മദി സുഹൃത്ത് അടുത്തിടെ ഇവിടെ എന്നെ കാണാൻ വന്നിരുന്നു. ഇങ്ങനെ പരിചയമുള്ളവരും ഏതെങ്കിലും രീതിയിൽ ബന്ധപ്പെടാൻ കഴിഞ്ഞവരും പലപ്പോഴായി ഇവിടെ എന്നെ കാണാൻ വരാറുണ്ട്. ആ വന്ന വ്യക്തി പറഞ്ഞത് വിശുദ്ധഖുർആനിൽ നിന്നും ഈസാനബിയുടെ മരണം തെളിയുന്നില്ലെന്നാണ്. ഞാൻ പല ആയത്തുകളും എടുത്ത് അദ്ദേഹത്തിന് നൽകി. സമയം കുറവായിരുന്നു. വീണ്ടും വരാം എന്ന് പറഞ്ഞ് അദ്ദേഹം പോയി. രണ്ട് മൂന്ന് മാസമായെങ്കിലും ഇതുവരെ വന്നിട്ടില്ല. ചുരുക്കത്തിൽ മുസ്ലീംകൾക്കിടയിൽ പണ്ഡിതന്മാർ അതിശക്തമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വിശ്വാസമാണ് ഈസാനബി ആകാശത്ത് ജീവിച്ചിരിപ്പുണ്ട് എന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തിനുശേഷം ഈ പ്രചാരണം വളരെ ശക്തമാണ്. ഈസമസീഹിന്റെ രണ്ടാം വരവ് അദ്ദേഹത്തിന്റെ തന്നെ ആഗമനത്തോടെയാണ് സംഭവിക്കുക എന്നും അവർ കരുതുന്നു. എന്നാൽ സദ്പ്രകൃതക്കാർ അവർ ഏത് മതവിശ്വാസിയാണെങ്കിലും അല്ലാഹു അവർക്ക് സത്യത്തിലേക്ക് വഴികാട്ടുന്നു. ക്രിസ്തുമതവിശ്വാസിയായ ഒരു വ്യക്തി കഴിഞ്ഞ ദിവസം ഇവിടെ വരികയുണ്ടായി. സയൻസ് വിഷയത്തിൽ പി.എച്ച്.ഡി കഴിഞ്ഞ വ്യക്തിയാണ്. അദ്ദേഹത്തിന് അഹ്മദി യുക്തിയോട് വളരെ താത്പര്യമാണുള്ളത്. അദ്ദേഹം പറഞ്ഞത് ഈസാനബി ദൈവമാണെന്നും അദ്ദേഹത്തിന്റെ പാപപരിഹാരസിദ്ധാന്തം ശരിയാണെന്നും താൻ വിശ്വസിക്കുന്നില്ലെന്നും അതുകൊണ്ടാണ് ഇസ്ലാമിനെക്കുറിച്ച് പഠിക്കാൻ തുടങ്ങിയതെന്നുമാണ്. ഇവിടെ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം തെറ്റാണെന്ന് മനസ്സിലാക്കി ഇസ്ലാമിനോടടുക്കുന്നു. എന്നാൽ ഇസ്ലാമിനെ സംരക്ഷിക്കേണ്ടവർ എതിരാളികളുടെ കൈകൾക്ക് കരുത്തേകുകയാണ് ചെയ്യുന്നത്. അഹ്മദിയ്യത്തിലൂടെ എണ്ണമറ്റ ക്രിസ്തീയ സഹോദരന്മാർ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നുണ്ട്. അവരെല്ലാം ഈസാനബി (അ) നെ ഒരു മനുഷ്യനും പ്രവാചകനുമായി വിശ്വസിക്കുന്നു. അദ്ദേഹം ഈ ലോകത്ത് വരികയും ഇവിടെ നിന്ന് മരിച്ചുപോവുകയും ചെയ്തിരിക്കുന്നു എന്നും വിശ്വസിക്കുന്നു.

ചുരുക്കത്തിൽ മുസ്ലിംകൾ അവരുടെ വിശ്വാസത്തിന് അടിസ്ഥാനമാക്കുന്നത് ഈ ഖുർആനിക വചനങ്ങളെയാണ്. ആ രണ്ട് ആയത്തുകളും ഞാൻ കേൾപ്പിക്കാം. അതിനുശേഷം ഇതിന്റെ അതിമനോഹരമായ വ്യാഖ്യാനം ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയതിൽ നിന്ന് ചിലതും കേൾപ്പിക്കുന്നതാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു.

اِذْ قَالَ اللّٰهُ يٰعِيْسٰٓى اِنِّيْ مُتَوَفِّيْكَ
وَرَافِعُكَ اِلَيَّ وَمُطَهِّرُكَ مِنَ الَّذِيْنَ
كَفَرُوْا وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ
الَّذِيْنَ كَفَرُوْٓا اِلٰى يَوْمِ الْقِيٰمَةِ ۚ ثُمَّ اِلَيَّ
مَرْجِعُكُمْ فَاَحْكُمُ بَيْنَكُمْ فِيْمَا كُنْتُمْ
فِيْهِ تَخْتَلِفُوْنَ ﴿٥٦﴾

(3:56)

അല്ലാഹു പറഞ്ഞ സന്ദർഭം. ഓ ഈസാ, ഞാൻ നിന്നെ മരിപ്പിക്കുകയും എങ്കിലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആരോപണങ്ങളിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിന്തുടരുന്നവരെ പുനരുത്ഥാനനാൾ വരെയും നിഷേധിച്ചവർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും. പിന്നീട് നിങ്ങളുടെ മടക്കം എന്നിലേക്കായിരിക്കും. അപ്പോൾ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഞാൻ തീർപ്പുണ്ടാക്കുന്നതാണ്. (3:56)

മറ്റൊരു സ്ഥലത്ത് പറയുന്നു.

وَّقَوْلِهِمْ اِنَّا قَتَلْنَا الْمَسِيْحَ عِيْسَى ابْنَ
مَرْيَمَ رَسُوْلَ اللّٰهِ ۚ وَمَا قَتَلُوْهُ وَمَا
صَلَبُوْهُ وَلٰكِنْ شُبِّهَ لَهُمْ ۭ وَاِنَّ الَّذِيْنَ
اخْتَلَفُوْا فِيْهِ لَفِيْ شَكٍّ مِّنْهُ ۭ مَا لَهُمْ بِهٖ مِنْ
عِلْمٍ اِلَّا اتِّبَاعَ الظَّنِّ ۚ وَمَا قَتَلُوْهُ يَقِيْنًا ﴿١٥٨﴾
بَلْ رَّفَعَهُ اللّٰهُ اِلَيْهِ ۭ وَكَانَ اللّٰهُ عَزِيْزًا
حَكِيْمًا ﴿١٥٩﴾

(4:158, 159)

അല്ലാഹുവിന്റെ ദൂതനായ മസീഹു ഈസബ്നു മറിയമിനെ തീർച്ചയായും ഞങ്ങൾ വധിച്ചിരിക്കുന്നു എന്ന് അവർ പറഞ്ഞതു നിമിത്തവും. വാസ്തവത്തിൽ അദ്ദേഹത്തെ അവർക്ക് വധിക്കാൻ സാധിച്ചിട്ടില്ല. കുരിശിൽ തറച്ച് കൊല്ലാനും സാധിച്ചിട്ടില്ല. നേരെ മറിച്ച് അദ്ദേഹം അവർക്ക് സദൃശീകരിക്കപ്പെടുകയാണുണ്ടായത്. തത്സംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെപ്പറ്റി ഒരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. പ്രത്യുത അല്ലാഹു അദ്ദേഹത്തെ തങ്കലേക്ക് ഉയർത്തുകയാണുണ്ടായത്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു.

ഈ ആയത്തിൽ (3:56) അല്ലാഹു നാല് പ്രവർത്തികൾ ക്രമാനുക്തമായി താൻ ചെയ്യുന്നതാണെന്ന് പറയുന്നു. അല്ലാഹു പറയുന്നു: ഓ ഈസാ! ഞാൻ 1. നിന്നെ മരിപ്പിക്കുന്നതാണ്. 2. എന്നിലേക്ക് നിന്നെ ഉയർത്തുന്നതാണ്. 3. നിഷേധികളുടെ ആക്ഷേപങ്ങളിൽ നിന്നും നിന്നെ വിശുദ്ധീകരിക്കുന്നതാണ്. 4. നിന്റെ അനുയായികൾക്ക് നിന്റെ നിഷേധികളുടെ മേൽ ഖിയാമത്ത് നാൾ വരെ വിജയം നൽകുന്നതാണ്. ഈ നാല് പ്രവർത്തികളും ഒന്നിനു പിറകെ മറ്റൊന്നായി ക്രമാനുഗതമായാണ് വിവരിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിലേക്ക് വിളിക്കപ്പെടുന്ന വ്യക്തി, اِرْجِعِيٓ اِلٰى رَبِّكِ (നീ നിന്റെ നാഥനിലേക്ക് മടങ്ങിവരിക) എന്ന വിളി അവനിൽ എത്തിക്കഴിഞ്ഞാൽ ആദ്യം അവൻ മരിക്കും തുടർന്നാണ് ഇർജിഈ ഇലാ റബ്ബിക്കി എന്ന ആയത്തിന്റെയും സഹീഹായ ഹദീസുകളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിലേക്ക് അവന്റെ റഫഅ് ഉയർത്തൽ ഉണ്ടാകുക. മരണശേഷം ഒരു വിശ്വാസിയുടെ റൂഹ് (ആത്മാവ്) അല്ലാഹുവിലേക്ക് തീർച്ചയായും റഫഅ് ഉയർത്തപ്പെടുന്നതാണ്. ഇതിന് വ്യക്തമായ തെളിവ് വിശുദ്ധഖുർആനിലും സഹീഹായ ഹദീസുകളിലും ഉണ്ട്. ഇതിനുശേഷം അല്ലാഹു ഹദ്റത്ത് ഈസ (അ) നോട് പറയുന്നത് ഞാൻ നിന്നെ ശത്രുക്കളുടെ ആക്ഷേപങ്ങളിൽ നിന്നും നിന്നെ വിശുദ്ധീകരിക്കുന്നതാണെന്നാണ്. ഇത് സൂചന നൽകുന്നത് യഹൂദർ ഹദ്റത്ത് ഈസാ (അ) നെ കുരിശിൽ തറച്ച് കൊണ്ടുകൊണ്ട് ബൈബിളിലെ ആവർത്തനം എന്ന അദ്ധ്യായത്തിൽ പറഞ്ഞ കുരിശിൽ മരിച്ചവർ ശപ്തനാണ് എന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ശപിക്കപ്പെട്ടവനാണെന്ന് തെളിയിക്കാനാണ് ശ്രമിച്ചത്. അങ്ങനെയുള്ളവർ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് അകറ്റപ്പെട്ടവരും അവർ ആദരവോടുകൂടി അല്ലാഹുവിന്റെ സവിധത്തിലേക്ക് ഉയർത്തപ്പെടുന്നവരുമാണ്. അങ്ങനെ അദ്ദേഹത്തെ ആക്ഷേപപാത്രമാക്കാനാണ് അവർ ആഗ്രഹിച്ചിരുന്നത്. എന്നാൽ അല്ലാഹു ഈ ആയത്തിലൂടെ ഹദ്റത്ത് ഈസക്ക് സുവാർത്ത നൽകുകയാണ് ചെയ്യുന്നത്. നീ സാധാരണ രീതിയിൽ മരിക്കുന്നതാണ്, തുടർന്ന് ആദരവോടുകൂടി എന്നിലേക്ക് ഉയർത്തപ്പെടുന്നതാണ്. നിന്നെ കുരിശിൽ തറച്ചു കൊല്ലാനുള്ള നിന്റെ ശത്രുക്കളുടെ പരിശ്രമത്തിൽ അവർ പരാജയപ്പെടുന്നതാണ്. നിന്നെ ഏതൊരു ആക്ഷേപത്തിൽ അകപ്പെടുത്താനാണോ അവർ ആഗ്രഹിക്കുന്നത്, അതിൽ നിന്നും നിന്നെ പരിശുദ്ധനാകുന്നതും മുക്തനാക്കുന്നതുമാണ്. അതായത് കുരിശുമരണത്തിൽ നിന്നും അതുമുഖേന ഉണ്ടായിത്തീരുന്ന ശാപഗ്രന്ഥനാകുന്നതിൽ നിന്നും നുബുവ്വത്തിൽ നിന്നും വിട്ടുനിർത്തപ്പെടുന്നതിൽ നിന്നും റഫഇൽ നിന്ന് (ആത്മീയ ഉയർത്തലിൽ നിന്ന്) അകറ്റപ്പെടുന്നതിൽ നിന്നും നിന്നെ പരിശുദ്ധനാക്കുന്നതാണ്. ഇവിടെ ഉപയോഗിച്ച തവഫ്ഫ എന്ന പദപ്രയോഗത്തിൽ കുരിശുമരണത്തിൽനിന്നും രക്ഷിക്കും എന്ന സൂചന കൂടി ഉണ്ട്. തവഫ്ഫ എന്ന പദത്തിന്റെ അർത്ഥത്തിൽ മുഴച്ചുനിൽക്കുന്ന അർത്ഥം സാധാരണ രീതിയിലുള്ള മരണം എന്നതാണ്. അഥവാ രോഗം മൂലമുള്ള മരണം, ശക്തമായ പ്രഹരം കൊണ്ടുള്ള മരണമല്ല ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെയാണ് മുഫസ്സരീങ്ങളായ കശ്ശാഫിന്റെ ഗ്രന്ഥകാരനും മറ്റും اِنِّيْ مُتَوَفِّيْكَ എന്നതിന് ഇന്നീ മുമീതുക്ക ഹത്ഫ അൻഫിക്ക (തീർച്ചയായും നാം നിനക്ക് സാധാരണ രീതി

യിലുള്ള മരണം തരുന്നതാണ്.) എന്ന് എഴുതിയിരിക്കുന്നത്. مُطَهِّرُكَ مِنَ الَّذِينَ كَفَرُ എന്ന മൂന്നാമത്തെ കാര്യത്തിൽ എന്നും ഈ സൂചന വ്യക്തമായി ലഭിക്കുന്നുണ്ട്. مُطَهِّرُكَ مِنَ الَّذِينَ എന്നത് മൂന്നാമതായി അല്ലാഹു ചെയ്യുന്ന പ്രവർത്തിയാണ്. ഇത് അല്ലാഹു പറഞ്ഞ ക്രമത്തിലും മൂന്നാമത്തേതു തന്നെയാണ്. കാരണം ഹദ്റത്ത് ഈസ (അ)ക്ക് സാധാരണരീതിയിലുള്ള മരണം സംഭവിച്ചതിനുശേഷം പ്രവാചകന്മാരുടേയും വരിഷ്ഠദാസരുടേയും പോലെ അദ്ദേഹത്തിന്റെ റഫഅ്, ഉയർച്ച അല്ലാഹുവിലേക്ക് ഉണ്ടായി. ഈ കാരണത്താൽ എതിരാളികളുടെ ഗൂഢപദ്ധതികളിൽ നിന്നും ആക്ഷേപങ്ങളിൽ നിന്നും അദ്ദേഹം മോചിതനാകുകയുണ്ടായി. നാലാമത്തെ പ്രവർത്തി جَاعِلُ الَّذِينَ اتَّبَعُوكَ എന്നത് വിശുദ്ധഖുർആനിൽ നാലാമത്തെ സ്ഥാനത്താണ് പ്രതിപാദിച്ചിരിക്കുന്നത്. സ്വഭാവികമായും ഇത് നാലാമതായി തന്നെയാണ് നടക്കേണ്ടതും കാരണം ഹദ്റത്ത് ഈസയുടെ ശിഷ്യന്മാരുടെ വിജയം മുകളിലുള്ള മൂന്ന് കാര്യങ്ങളും നടന്നു കഴിഞ്ഞ ശേഷമാണ് ഉണ്ടായിട്ടുള്ളത്.

ചുരുക്കത്തിൽ മുകളിലെ ആയത്തിൽ പറഞ്ഞിരിക്കുന്ന നാലു കാര്യങ്ങളും ക്രമാനുഗതമായി ഒന്നിനുശേഷം മറ്റൊന്നായിത്തന്നെയാണ് സംഭവിച്ചിരിക്കുന്നത്. വിശുദ്ധഖുർആന്റെ സാഹിത്യസമ്പുഷ്ഠതക്ക് അനുഹുണമായിട്ടുള്ളതും ഇതുതന്നെയാണ്. കാരണം സംഭവിക്കുന്ന കാര്യങ്ങൾ അതിന്റെ ക്രമത്തിൽ തന്നെ വിവരിക്കുക എന്നത് സാഹിത്യത്തിന്റെ അതിശ്രേഷ്ഠമായ അവതരണമാണ്. മാത്രമല്ല ഇത് ശരിക്കുമുള്ള ഹിക്മത്തുമാണ്. ഇതു കൊണ്ടുതന്നെയാണ് സ്വഭാവികമായുള്ള ക്രമം വിശുദ്ധഖുർആനിൽ ഉടനീളം കാണുന്നതും.

സൂറാ ഫാത്തിഹയിൽ തന്നെ നോക്കൂ. ആദ്യം റബ്ബുൽ ആലമിൻ എന്നാണ് പറഞ്ഞത് തുടർന്ന് റഹ്മാനും റഹീമും മാലിക്കി യൗമിദ്ദീനും വിവരിക്കുന്നു. ഇവിടെ അല്ലാഹു നൽകുന്ന കാരുണ്യത്തെ ആദ്യം പൊതുകാരണം പറഞ്ഞു കൊണ്ട് പ്രത്യേക തരത്തിലുള്ള കാരുണ്യത്തിലേക്ക് എത്തിക്കുന്നു. ചുരുക്കത്തിൽ സമ്പൂർണ്ണ സാഹിത്യ സംപുഷ്ടിയോടുകൂടി മുകളിലത്തെ ആയത്തിൽ നാലു കാരണങ്ങളും സാധാരണ രീതിയിലുള്ള ക്രമത്തിൽ തന്നെയാണ് വിവരിച്ചിരിക്കുന്നത്. എന്നാൽ ഇക്കാലത്തെ യാഥാസ്ഥിതികരായ മുല്ലാക്കൾക്ക് യഹൂദകളെ പോലെ യുഹര്രിഫൂനത കലിമ അൻ വോളി ഇഹി (അവർ വചനങ്ങളെ അതിന്റെ സ്ഥാനത്തുനിന്ന് മാറ്റുന്നു) എന്ന ശീലമുള്ളവരാണ്. അവർ മസീഹിബ്നു മറിയം ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കാൻ അങ്ങുമിങ്ങും കാലിട്ടടിച്ചു നോക്കുകയാണ്. അവർ ദൈവികവചനത്തെ മാറ്റിമറിക്കാൻ ധൃഷ്ടരായിരിക്കുകയുമാണ്. അവർ വളരെ പ്രകടമായ രീതിയിൽ അല്ലാഹു ക്രമാനുകതമായി വിവരിച്ചിരിക്കുന്ന ഈ നാല് കാര്യങ്ങളിൽ നിന്നും രണ്ട് വചനങ്ങളെ പൊതുക്രമത്തിൽ നിന്നും വ്യതിചലിപ്പിക്കുകയാണ്. അതായത് അവർ പറയുന്നത് مُطَهِّرُكَ مِنَ الَّذِينَ كَفَرُ എന്നതും جَاعِلُ الَّذِينَ اتَّبَعُوكَ എന്നതും പൊതുവിലുള്ള ശരിയായ ക്രമത്തിൽ തന്നെയാണ് വന്നതെങ്കിലും إِنِّي مُتَوَفِّيكَ എന്നതും رَافِعُكَ എന്നതും പൊതുവിലുള്ള ശരിയായ ക്രമത്തിലല്ല വന്നത് എന്നാണ്. ശരിക്കും വേണ്ടിയിരുന്നത് ആദ്യം رَافِعُكَ إِلَيَّ എന്നും അതിനുശേഷം إِنِّي مُتَوَفِّيكَ എന്നതുമാണ്. മഹത്വമുടയവനായ കാര്യങ്ങൾ ഭംഗിയായ രീതിയിൽ വിവരിക്കുന്ന അത്യുന്നതനായ അല്ലാഹുവിന്റെ വചനങ്ങളിലുണ്ടാകുന്ന സാഹിത്യസമ്പുഷ്ടതയെ ഇക്കൂട്ടർ അതിന്റെ സ്ഥാനത്തുനിന്നും രൂപത്തിൽനിന്നും അതിന്റെ ക്രമത്തിൽ നിന്നും മാറ്റി മറിച്ചുകൊണ്ട് അതിനെ രൂപഭംഗി ഇല്ലാതാക്കിയിരിക്കുന്നു. നാല് വാക്കുകളിൽ രണ്ടെണ്ണത്തെ ശരിയായ ക്രമത്തിലാണ് പറഞ്ഞതെന്ന് സമ്മതിക്കുകയും രണ്ടു വചനങ്ങളെ സാഹിത്യഭംഗിയിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് സ്വയം ഒരു തിരുത്തൽ നടത്തുകയുമാണ് ചെയ്യുന്നത്. മുമ്പിലുള്ളതിനെ പിമ്പിലാക്കുകയും പിമ്പിലുള്ളതിനെ ഇവർ മുമ്പിലാക്കുകയും ചെയ്തിരിക്കുന്നു. യഹൂദികളെപ്പോലെ ഈ രീതിയിൽ മാറ്റിമറിച്ചിട്ടും അവ ർക്ക് അവരുടെ ലക്ഷ്യം പ്രാപിക്കാൻ സാധിച്ചില്ല. കാരണം അവർ പറയുന്നതുപോലെ إِنِّي رَافِعُكَ إِلَيَّ എന്ന വാചകം إِنِّي مُتَوَفِّيكَ എന്നതിന് മുമ്പേയാണ്, വരേണ്ടതെങ്കിൽ തന്നെയും വചനങ്ങൾ മാറ്റിമറിക്കുന്നവരുടെ ലക്ഷ്യം പൂർണമാവില്ല. കാരണം അങ്ങനെയാകുമ്പോൾ അതിന്റെ അർത്ഥം വരിക ഇപ്രകാരമായിരിക്കണം. ഓ ഈസ, നിന്നെ ഞാൻ എന്നിലേക്ക് ഉയർത്തുന്നതാണ് ശേഷം മരണം നൽകുന്നതുമാണ്. ഈ അർത്ഥം തികച്ചും തെറ്റാണ്. ഇതിൽ നിന്നും വരുന്നത് ഹസ് റത്ത് ഈസ (അ) ആകാശത്തുവെച്ചുതന്നെ മരിക്കണം. കാരണം റഫഅ ഉയർത്തലിനുശേഷം മരണം നൽകു എന്നാണ് പറയുന്നത്. ഇറക്കും എന്ന് ഇടയിൽ പറയുന്നില്ല. ഇതിൽ നിന്നും വ്യക്തമാകുന്നത് ഹ: ഈസ (അ) ആകാശത്ത് വെച്ചുതന്നെ മരിക്കും എന്നാണ്. ഇതല്ലാതെ സ്വന്തം മഹത്വത്തിന് അവർ ഒരു വാചകം കൂടി പടച്ചുണ്ടാക്കി ഈ രണ്ട് വാചകങ്ങൾക്കും മദ്ധ്യത്തിൽ നൽകിയിരുന്നെങ്കിൽ ശരിയായേനേ, അതായത് ആയത്ത് യാ ഈസ ഇന്നീ റാഫിഉക്ക വമുനസ്സിലുക വമുത വഫ്ഫിക എന്നാകുമായിരുന്നു. ഇങ്ങിനെ അവർ മാറ്റിമറിക്കുകയാണെങ്കിൽ പിന്നെ ഇത് അല്ലാഹുവിന്റെ വചനം അല്ലാതായിത്തീരുന്നതാണ്. മനുഷ്യന്റെ ശക്തമായ കൈകടത്തലുകൾ കാരണം, മാറ്റത്തിരുത്തലുകൾക്ക് വിധേയമായ ലജ്ജയില്ലാതെ അഹങ്കാരത്തോടുകൂടി തിരുത്തിയ ഒരാളുടെ വചനമായി മാത്രമെ ഇത് പരിഗണിക്കപ്പെടുകയുള്ളൂ. ഇങ്ങനെയുള്ള പ്രവർത്തി വ്യക്തമായ കൂട്ടിച്ചേർക്കലും വിശ്വാസ വഞ്ചനയുമാണെന്നതിൽ ഒരു സംശയവുമില്ല. (ഇസാലെ ഔഹാം - വോ.2- പേ.922- 926)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

മആലിം എന്ന തഫ്സീറിലെ 162-ാം പേജിൽ يٰعِيسٰى إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ എന്ന ആയത്തിന്റെ തഫ്സീറിൽ അലിയ്യു ബ്നുതൽഹ ഇബ്നു അബ്ബാസിൽ നിന്നും നിവേദനം ചെയ്ത കാര്യം നൽകുന്നുണ്ട്. അദ്ദേഹം പറയുന്നു ഈ ആയത്തിന്റെ അർ ത്ഥം ഇന്നീ മുമീതുക ഞാൻ നിനക്ക് മരണം നൽകുന്നതാണ് എന്നാണ്. ഇതിനെ സാധൂകരിക്കാനായി അല്ലാഹുവിന്റെ മറ്റൊരു വചനങ്ങളായ ഖുൽയതവഫ്ഫാക്കും മലകുൽ മൗത്തി, അല്ലദീന നവഫ്ഫാഹുമുൽ മലാഇകത്തു ത്വയ്യിബീന, അല്ലദീന തവഫ്ഫാഹുവ്വൽ മലാഇകത്തു ളാലിമീ അൻഫുസിഹിം എന്നിവ തെളിവായി നിരത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) ഈസാ (അ) വഫാത്തായിരിക്കുന്നു എന്നാണ് വിശ്വസിച്ചിരുന്നത് എന്ന് വ്യക്തമാകുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) വിശുദ്ധഖുർആന്റെ ജ്ഞാനത്തിന്റെ കാര്യത്തിൽ അഗ്രഗണ്യനാണെന്ന് വായനക്കാർക്ക് അറിയാവുന്നതാണല്ലോ. ഇതുസംബന്ധമായി തിരുനബി (സ) അദ്ദേഹത്തിന് വേണ്ടി പ്രാർപിക്കുകയും ചെയ്തിരുന്നു.മുകളിലെ ഉദ്ധരണിയിൽ പറഞ്ഞിരിക്കുന്ന ارْجِعِي إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً എന്നതിന്റെ വിശദീകരണം നൽകാൻ ആഗ്രഹിക്കുന്നു.

പൂർണ്ണ ആയത്ത് ഇപ്രകാരമാണ്. ارْجِعِي إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً (89:29)

അർത്ഥം:- നീ നിന്റെ നാഥനിലേക്ക് മടങ്ങുക: സംപ്രീതനും പ്രീതപ്പെട്ടവനുമായിക്കൊണ്ട്. (89:29)

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു:

അല്ലാഹു തആല മസീഹിന് മരണം നൽകിയതിനുശേഷം തന്നിലേക്ക് ഉയർത്തുകയുണ്ടായി. പൊതുവിൽ നാം ഒരു നല്ല മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തിയിരിക്കുന്നു എന്നു പറയുന്നതുപോലെ. ارْجِعِيٓ اِلٰى رَبِّكِ എന്ന ആയ ത്തും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അല്ലാഹു എല്ലായിടത്തും ഉള്ളവനും ഹാജിറും നാളിറുമാണ്. (എല്ലാസ്ഥലത്തും ഉള്ളവനും എല്ലാം കാണുന്നവനുമാണ്) അല്ലാഹുവിന് ശരീരമില്ല. അവൻ ജഢികമോ അല്ല. അവന് ഒരു ദിക്കും ദിശയുമില്ല. അതിനാൽ അല്ലാഹുവിലേക്ക് ഉയർത്തപ്പെട്ടു എന്ന് ഒരു വ്യക്തിയെകുറിച്ച് പറയപ്പെട്ടാൽ അദ്ദേഹത്തിന്റെ ജഢികശരീരം ആകാശത്തെത്തിയിരിക്കുന്നു എന്ന് എങ്ങിനെ പറയാൻ സാധിക്കും. ഇത് തികച്ചും യാഥാർത്ഥ്യത്തിൽനിന്നും വിദൂരമല്ലെ? സജ്ജനങ്ങൾ ആത്മാവോടും ആത്മീയതയോടും കൂടി അല്ലാഹുവിലേക്ക് ഉയർ ത്തപ്പെടുന്നു. അതല്ലാതെ അവരുടെ മാംസവും മജ്ജയും എല്ലും തോലും അല്ലാഹുവിലേക്ക് എത്തിച്ചേരുന്നില്ല. (ഇസാലെ ഔഹാം- പേ. 287,288)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനെ വിവിധ രീതിയിൽ നമുക്ക് മനസ്സിലാക്കിത്തരാൻ ശ്രമിച്ചിട്ടുണ്ട്. പരിശുദ്ധഹൃദയത്തോടെ അതിനെ സമീപിച്ചില്ലെങ്കിൽ അതിൽനിന്നും ഫലമെടുക്കാൻ സാധ്യമല്ല. മറ്റുള്ളവർക്ക് ഇത് മനസ്സിലാകുകയില്ല. ഉൾക്കാഴ്ച നൽകപ്പെടാത്തവർക്ക് ഇത് മനസ്സിലാവുകയില്ല. ഞാൻ നേരത്തെ പറഞ്ഞ വ്യക്തി എനിക്ക് മനസ്സിലായിട്ടില്ല എന്ന് പറഞ്ഞതുപോലെ.

ഇവിടെ തവഫ്ഫാ എന്നതിന് മരണം എന്ന അർത്ഥം നൽകുന്ന മൂന്ന് ആയത്തുകൾ മാത്രമല്ല ഉള്ളത്. വിശുദ്ധ ഖുർആനിൽ മറ്റു പല സ്ഥലങ്ങളിലും തവഫ്ഫ എന്നത് മരണം എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹസ്റത്ത് ഈസാനബിയുടെ മരണം സ്ഥാപിച്ചുകൊണ്ട് സുദൃഢമായ പ്രസ്താവന നടത്തുന്നത് കാണുക. മരണശേഷം ഹസ്റത്ത് ഈസാനബി ശരിക്കും ശരീരത്തോടുകൂടി ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിൽ വിശുദ്ധ ഖുർആനിൽ വചനം വേണ്ടിയിരുന്നത് ഇപ്രകാരമാണ്.

*യാ ഈസാ ഇന്നീ മുതവഫ്ഫീക സുമ്മ മുഹ്‌യീക്ക സുമ്മ റാഫിഉക മഅജസദിക ഇലസ്സമാഇ*- ഓ ഈസാ ഞാൻ നിന്നെ മരിപ്പിക്കുന്നതാണ്. അതിനുശേഷം ജീവിപ്പിക്കുന്നതാണ്. തുടർന്ന് നിന്റെ ഭൗതികശരീരത്തോടുകൂടി ആകാശത്തേക്ക് ഉയർത്തുന്നതുമാണ്.

എന്നാൽ مُتَوَفِّيكَ എന്നതിനുശേഷം رَافِعُكَ എന്നല്ലാതെ رَافِعُكَ എന്നതിനുമുമ്പേ مُتَوَفِّيكَ എന്ന പദം ഖുർആനിൽ എവിടേയും കാണുന്നില്ല. എവിടെയെങ്കിലും ഉണ്ടെങ്കിൽ കാണിച്ചുതരിക. അതിനാൽ ദൃഢസ്വരത്തിൽ എനിക്ക് പറയാനുള്ളത് ഹസ് റത്ത് ഈസാ മരിച്ചിരിക്കുന്നു എന്നതിന് ഇത്രയും വ്യക്തമായ തെളിവുകൾ ഉണ്ടായിരിക്കേ رَافِعُكَ എന്നതിൽനിന്നും بَلْ رَّفَعَهُ اللّٰهُ اِلَيْهِ എന്നതിലും പറഞ്ഞിരിക്കുന്ന ഉയർത്തൽ അദ്ദേഹത്തിന്റെ ആത്മാവ് ഉയർത്തി എന്നതാണ്. ഈ പ്രക്രിയ, ആത്മാവിന്റെ ഉയർച്ച ഓരോ വ്യക്തിക്കും നിർബന്ധമാണ്. നിർബന്ധമായ ഒരു വസ്തുതയെ ഉപേക്ഷിച്ചുകൊണ്ട് ആവശ്യമല്ലാത്ത ഒരു കാര്യത്തെകുറിച്ചുള്ള ചിന്ത ഹൃദയത്തിൽ കൊണ്ടുവരിക എന്നത് തീർച്ചയായും വിഢിത്തമാണ്.

(ഇസാലെ ഔഹാം- വാള്യം 1 പേ. 267)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തവഫ്ഫാ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ള 23 ആയത്തുകൾ ഒരു സ്ഥലത്ത് എടുത്തുചേർത്തിട്ടുണ്ട്. അവിടെയെല്ലാം മരണം എന്നാണ് അർത്ഥം നൽകിയിരിക്കുന്നത്. ഇതേ പോലെ ഇസാലെ ഔഹാം എന്ന ഗ്രന്ഥത്തിൽ 30 ആയത്തുകൾ എടുത്ത് ഉദ്ധരിച്ചുകൊണ്ട് ഈസാനബിയുടെ മരണം സ്ഥാപിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു വലിയ ഗ്രന്ഥശേഖരം വിട്ടേച്ച് പോയിട്ടുണ്ട്. അതിൽ വിശുദ്ധഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ഈസാ(അ)ന്റെ മരണം സ്ഥാപിച്ചിട്ടുണ്ട്. ഇത് മുസ്‌ലിംകൾക്ക് വ്യക്തമായ തെളിവുകളാണ്. കൃസ്ത്യാനികൾക്കായി അവരുടെ ഗ്രന്ഥത്തിൽനിന്നും ഈസാ(അ) മനുഷ്യനാണെന്നും അദ്ദേഹം അല്ലാഹുവിന്റെ വരിഷ്ഠദാസനാണെന്നും തെളിയിച്ചിരിക്കുന്നു. അദ്ദേഹം ദൈവമോ ദൈവത്തിന്റെ പുത്രനോ അല്ല. ഈ വിശ്വാസമാണ് കൃസ്ത്യാനികളെ ശിർക്കിൽ അകപ്പെടുത്തിയിരിക്കുന്നത്.

ഈസാ(അ) ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും ഏതോ കാലത്ത് അദ്ദേഹം തിരിച്ചുവരുമെന്നുമുള്ള തെറ്റായ വിശ്വാസത്തിൽനിന്നും പശ്ചാത്തപിച്ച് തക്കസമയത്ത് വന്ന മുഹമ്മദീ മസീഹിനെ സ്വീകരിക്കുവാൻ മുസ്‌ലീം സമൂഹത്തിന് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. തിരുനബി(സ)യുടെ കൽപനയെ നിറവേറ്റിക്കൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹിന് സലാം എത്തിക്കുന്നവരായി അവർ മാറട്ടെ. അതുമുഖേന ഇരുലോകനന്മയും കരസ്ഥമാക്കുന്നവരായി അവർ മാറട്ടെ.

ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളാണ് സത്യാസത്യവിവേചന സമരത്തിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ശത്രുവിന്റെ വായ അടപ്പിക്കുക എന്ന കാര്യം അഹ്മദികളും ഓർത്തിരിക്കേണ്ടതാണ്. ഞാൻ ഇവിടെ കേൾപ്പിച്ച ഉദ്ധരണികൾ ചിലതുമാത്രമാണ്. മറ്റ് എത്രയോ വിഷയങ്ങളെ പ്രതിപാദിച്ചത് വിട്ടുകൊണ്ട് ഈസാനബി(അ) ന്റെ മരണവും ആത്മീയ ഉയർച്ചയും പ്രതിപാദിക്കുന്ന ഉദ്ധരണികൾ മാത്രം വായിക്കാൻ ഇരുന്നാൽതന്നെ മണിക്കൂറുകൾ എടുക്കുന്നതാണ്.

ഇവിടത്തെ അന്തരീക്ഷത്തിൽ വളർന്നവർ പറയാറുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ മനസ്സിലാക്കാൻ വളരെ പ്രയാസമാണെന്നാണ്. അതുകൊണ്ട് നമുക്ക് ഇവിടെയുള്ളവർക്കായി നമ്മുടെ ശൈലിയിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് പറയുന്നു. നമ്മുടേതായ ശൈലിയിൽ ഉള്ള ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതുതന്നെയാണ്. എന്നാൽ അതിന്റെ എല്ലാം അടിസ്ഥാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും വചനങ്ങളും തന്നെയായിരിക്കണം. അതോടൊപ്പം ഇത് പ്രയാസമായതുകൊണ്ട് ഇവിടെയുള്ള യുവാക്കൾക്കും കുട്ടികൾക്കും ഈ ഗ്രന്ഥങ്ങൾ വായിക്കാൻ കഴിയില്ലാ എന്നും ഇത് പാകിസ്ഥാനിലും ഇന്ത്യയിലും ഉള്ളവർക്ക് എഴുതിയതാണ് എന്നും കരുതുകയാണെങ്കിൽ അതൊട്ടും ശരിയല്ല. യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും ഈ ഗ്രന്ഥങ്ങൾ വായിക്കുന്ന കാര്യത്തിൽ താത്പര്യം ഉണ്ടാക്കണം. ഇത് മുതിർന്നവരുടെ കടമയാണ്. കീഴ്ഘടകങ്ങളും ജമാഅത്ത് സംവിധാനവും അവരുടെ കടമയായി ഇത് മനസ്സിലാക്കുക. ഇത് പ്രയാസമായതുകൊണ്ട് വായിക്കാൻ പറ്റില്ല എന്ന് പറഞ്ഞ് വിട്ടുകളഞ്ഞാൽ പിന്നെ പതുക്കെ പതുക്കെ ഇതിൽനിന്നും പൂർണ്ണമായും അകന്നുപോകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം വാക്കുകളിലുള്ള മഹത്വവും പ്രൗഢിയും അതിന്റെ ചുരുക്കം വിവരിക്കുന്നതിലോ അതിൽനിന്നും മനസ്സിലാക്കി വിവരിക്കുന്നതിൽ നിന്നോ ലഭിക്കുന്നതല്ല.

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ ഉദ്ധരണികൾ ഇംഗ്ലീഷിൽ

പരിഭാഷപ്പെടുത്തി എസ്സൻസ് ഓഫ് ഇസ്ലാം എന്നപേരിൽ അഞ്ച് വാള്യങ്ങൾ ഇറക്കിയിട്ടുണ്ട്. മറ്റുവാള്യങ്ങൾ തയ്യാറായി വരുന്നു. ഇംഗ്ലീഷ് അറിയുന്നവർ അത് പാരായണം ചെയ്യേണ്ടതാണ്. നേരിട്ടുള്ള വചനങ്ങളിലും തർജ്ജുമയിലും വ്യത്യാസങ്ങൾ വന്നേക്കാമെങ്കിലും യഥാർത്ഥ വാക്കുകളോട് വളരെ അടുത്ത്തന്നെയാണ് തർജ്ജമ നിൽക്കുന്നത്. പൂർണ്ണ തർജ്ജുമ ആയിട്ടുള്ള പുസ്തകങ്ങൾ എല്ലാം ഓരോ അഹ്മദിയുടേയും വീട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ബറാഹീനെ അഹ്മദിയ്യായുടെ വിവർത്തനം അടുത്ത്തന്നെ പുറത്തിറങ്ങും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇംഗ്ലീഷ് ഭാഷ അറിയാവുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പുസ്തകങ്ങൾ വാങ്ങുക, വായിക്കുക. അതിൽനിന്നും തെളിവുകൾ മനസ്സിലാക്കി എതിരാളികളെ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിപ്പിക്കുക.

ഉർദു അറിയാവുന്നവർ എല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പുസ്തകത്തിന്റെ ഒരു സെറ്റ് നിർബന്ധമായും വാങ്ങിച്ചിരിക്കേണ്ടതാണ്. പുസ്തകങ്ങൾ പുതിയതായി കംപ്യൂട്ടറിൽ കമ്പോസ് ചെയ്തുകൊണ്ട് പുറത്തിറങ്ങുന്നുണ്ട്. ജൽസയോടുകൂടി കുറച്ച് വാള്യങ്ങൾ വരും എന്ന് പ്രതീക്ഷിക്കുന്നു. ഗ്രന്ഥങ്ങൾ ഇല്ലാത്ത അഹ്മദികൾ ഇത് വാങ്ങേണ്ടതാണ്. കഴിഞ്ഞ ഒരു ഖുത്ബയിൽ ഒരു മഹതിയുടെ കാര്യം ഞാൻ പറഞ്ഞിരുന്നു. അവർ എനിക്ക് എഴുതുകയുണ്ടായി,

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങൾ വായിച്ചു. അല്ലാഹുവിന്റെ സിഫത്തുകളെ കുറിച്ച് ആ മഹാത്മാവ് നൽകിയ വ്യാഖ്യാനങ്ങൾ വായിച്ചതിനുശേഷമാണ് എനിക്ക് വിശുദ്ധഖുർആൻ എന്താണെന്ന് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് മതമെന്താണെന്ന് മനസ്സിലാക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടത് നിർബന്ധമാണ്.

അല്ലാഹു നമുക്കെല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 03 - 07 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**